# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 28** **website: www.uoc.ac.in**

---

### സർവകലാശാലാ സ്പോർട്സ് കോൺവൊക്കേഷൻ: മികച്ച കോളേജുകൾക്കും കായികതാരങ്ങൾക്കും ആദരം

കാലിക്കറ്റ് സർവകലാശാലയുടെ 2025 - 26 വർഷത്തെ സ്പോർട്സ് കോൺവൊക്കേഷൻ സംസ്ഥാന കായിക - യുവജനക്ഷേമ വകുപ്പ് മന്ത്രി അഡ്വ. ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്തു. യൂത്ത് ആന്റ് സ്പോർട്സ് അഫയേഴ്‌സും കേരള സ്പോർട്സ് കൌൺസിലും എകീകരിച്ചുകൊണ്ട് സ്പോർട്സ് അതോറിറ്റി ഓഫ് കേരളം രൂപീകരിക്കുമെന്നും കായികതാരങ്ങളുടെ ക്ഷേമത്തിനും സൗകര്യങ്ങൾക്കും ഊന്നൽ നൽകുമെന്നും ഓപ്പറേഷൻ കളരി എന്ന പേരിൽ നിലവിലെ കായിക സൗകര്യങ്ങൾ വിപുലീകരിക്കുമെന്നും മന്ത്രി അറിയിച്ചു. കായികരംഗത്ത് മികവ് തെളിയിച്ച സർവകലാശാലയ്ക്ക് കീഴിലെ മികച്ച കോളേജുകൾക്കുള്ള പുരസ്‌കാരങ്ങൾ അദ്ദേഹം വിതരണം ചെയ്തു. അഖിലേന്ത്യാ അന്തർസർവകലാശാല, ഖേലോ ഇന്ത്യ മത്സരങ്ങളിൽ നേട്ടം കൈവരിച്ച കായികതാരങ്ങളെയും പരിശീലകരെയും മാനേജർമാരെയും ആദരിച്ചു. ഇവർക്കുള്ള ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. ചടങ്ങിൽ ഓൺലൈൻ സംവിധാനത്തിലൂടെ കായികതാരങ്ങൾക്ക് രജിസ്‌ട്രേഷൻ ചെയ്യുവാനും എലിജിബിലിറ്റി ഫോം ഡൗൺലോഡ് ചെയ്യുവാനും ഇന്റർ കോളേജിയേറ്റ് റിസൾട്ടുകൾ അറിയുവാനും ഇന്റർ യൂണിവേഴ്‌സിറ്റി / ഇന്റർ കോളേജിയേറ്റ് സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുവാനുള്ള പോർട്ടൽ ലോഞ്ച് ചെയ്തു.

പരിപാടിയിൽ ലഹരിക്കെതിരായ ബോധവത്കരണത്തിന്റെ ഭാഗമായി ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പും തൂഫാൻ സംരംഭവും ചേർന്ന് "കിക് ദി ബോൾ, ബ്രേക്ക് ദി ചെയിൻ" എന്ന സന്ദേശം മുന്നോട്ടുവെക്കുന്ന ക്യാമ്പയിനിന് ഫുട്ബാൾ കിക്ക് ഓഫ് ചെയ്തുകൊണ്ട് പത്മശ്രീ ഡോ. ഐ.എം. വിജയൻ തുടക്കം കുറിച്ചു. കായികപ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെ ലഹരിവിമുക്തമായ ജീവിതത്തിലേക്ക് നയിക്കേണ്ടതിന്റെ പ്രാധാന്യം പരിപാടി ഉയർത്തിക്കാട്ടി. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. വള്ളിക്കുന്ന് എം.എൽ.എ. ടി.വി. ഇബ്രാഹിം, പത്മശ്രീ ഡോ. ഐ.എം. വിജയൻ എന്നിവർ മുഖ്യാതിഥികളായി. പ്രോ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. റഷീദ് അഹമ്മദ് പ്രത്യേക പ്രഭാഷണം നടത്തി. രജിസ്ട്രാർ പ്രൊഫ. (ഡോ.) സെബാസ്റ്റ്യൻ സി.ഡി. സ്വാഗതവും ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് ഡയറക്ടർ പ്രൊഫ. (ഡോ.) വി.പി. സക്കീർ ഹുസൈൻ റിപ്പോർട്ടും അവതരിപ്പിച്ചു. യൂണിവേഴ്‌സിറ്റി ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പ്രൊഫ. (ഡോ.) കെ.പി. മനോജ് 'വിഷൻ 2026–27' അവതരിപ്പിച്ചു. ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫ. (ഡോ.) ജി. ബിപിൻ നന്ദി പറഞ്ഞു. സിൻഡിക്കേറ്റ് അംഗങ്ങളായ പി. മധു, പ്രൊഫ. (ഡോ.) ടി.എം. വാസുദേവൻ, ടി.ജെ. മാർട്ടിൻ, സി.പി. ഹംസ, അഡ്വ. എം.ബി. ഫൈസൽ, എ.കെ. അനുരാജ്, പ്രൊഫ. (ഡോ.) എ.ടി. അബ്ദുൾ

ജബ്ബാർ, അഹമ്മദ് കബീർ എന്നിവരും ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. (ഡോ.) എബ്രഹാം ജോസഫ്, എസ്.എൻ.ജി. സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) സി. രാജേഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ :***

*കാലിക്കറ്റ് സർവകലാശാലയുടെ 2025 - 26 വർഷത്തെ സ്പോർട്സ് കോൺവൊക്കേഷൻ സംസ്ഥാന കായിക - യുവജനക്ഷേമ വകുപ്പ് മന്ത്രി അഡ്വ. ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യുന്നു.*

*ലഹരിക്കെതിരായ ബോധവത്കരണത്തിന്റെ ഭാഗമായി ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പും തൂഫാൻ സംരംഭവും ചേർന്ന് "കിക് ദി ബോൾ, ബ്രേക്ക് ദി ചെയിൻ" എന്ന സന്ദേശം മുന്നോട്ടുവെക്കുന്ന ക്യാമ്പയിനിന് ഫുട്ബോൾ കിക്ക് ഓഫ് ചെയ്തുകൊണ്ട് പത്മശ്രീ ഡോ. ഐ.എം. വിജയൻ തുടക്കം കുറിച്ചു*

**** പുരസ്കാരത്തിന് അർഹരായം കോളേജുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു***

***പി.ആർ. 1378/2026***

**യാത്രയയപ്പ് നൽകി**

കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഈ മാസം വിരമിക്കുന്ന സെക്ഷൻ ഓഫീസർ ഒ. രഘു ( ഇലക്ഷൻ സെക്ഷൻ ), ടെക്നീഷ്യൻ ബീന പി. അബ്രഹാം ( ഇ.എം.എം.ആർ.സി. ) എന്നിവർക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ടിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. വൈസ് ചാൻസിലർ പ്രൊഫ. (ഡോ) പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രോ വൈസ് ചാൻസിലർ പ്രൊഫ. (ഡോ) പി. റഷീദ് അഹമ്മദ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ പ്രൊഫ. (ഡോ) സി.ഡി. സെബാസ്റ്റ്യൻ, ഫിനാൻസ് ഓഫീസർ കെ. പ്രവീൺ കുമാർ, സ്റ്റാഫ് വെൽഫെയർ ഫണ്ട് ഭാരവാഹികളായ പി. നിഷ, ഹബീബ് കോയ തങ്ങൾ, വിവിധ സംഘടനാ പ്രതിനിധികളായ എൻ.പി. ജംഷീർ, ടി. സുനിൽ കുമാർ, മുഹമ്മദ് ഇസ്മയിൽ, അനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.

***ഫോട്ടോ :*** *കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഈ മാസം വിരമിക്കുന്ന സെക്ഷൻ ഓഫീസർ ഒ. രഘു , ടെക്നീഷ്യൻ ബീന പി. അബ്രഹാം എന്നിവർ വൈസ് ചാൻസിലർ പ്രൊഫ. (ഡോ) പി. രവീന്ദ്രൻ, പ്രോ വൈസ് ചാൻസിലർ പ്രൊഫ. (ഡോ) പി. റഷീദ് അഹമ്മദ്, രജിസ്ട്രാർ പ്രൊഫ. (ഡോ) സി.ഡി. സെബാസ്റ്റ്യൻ, ഫിനാൻസ് ഓഫീസർ കെ. പ്രവീൺ കുമാർ തുടങ്ങിയവർക്കൊപ്പം*

***പി.ആർ. 1379/2026***

**പ്രൊഫ. എൻ.വി.പി. ഉണിത്തിരി എൻഡോവ്മെന്റ് കോൺഫറൻസ്;**
**ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിച്ചു**
***(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാൻ താത്പര്യം)***

കാലിക്കറ്റ് സർവകലാശാലാ സംസ്കൃതം പഠനവകുപ്പ് പ്രൊഫ. എൻ.വി.പി. ഉണിത്തിരി എൻഡോവ്മെന്റ് ആൾ കേരളാ ഓറിയന്റൽ കോൺഫറൻസ് സംഘടിപ്പിക്കും. 2026 ഡിസംബർ മാസം നടക്കുന്ന കോൺഫറൻസിൽ വിവിധ സെഷനുകളിലായി വൈദിക പഠനം, തിയേറ്റർ പഠനം, ക്ലാസിക്കൽ സാഹിത്യം, ഭാരതീയ ദർശനം, വ്യാകരണവും ഭാഷാശാസ്ത്രവും, സാംസ്കാരിക പഠനം, സ്ത്രീ പഠനം, സാങ്കേതിക വിജ്ഞാനസാഹിത്യം എന്നീ വിഷയങ്ങളിൽ പ്രബന്ധാവതരണമുണ്ടാകും. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താത്പര്യമുയുള്ളവർ ഒക്ടോബർ 30-നകം പ്രബന്ധത്തിന്റെ സംക്ഷിപ്തരൂപം akoccuskt@gmail.com എന്ന ഇ - മെയിൽ വിലാസത്തിൽ ലഭ്യമാക്കണം. രജിസ്ട്രേഷൻ ഫീസ് 500 രൂപ

(വിദ്യാർഥികൾക്കും ഗവേഷകർക്കും - 200 രൂപ). 40 വയസ്സിൽ താഴെയുള്ള പ്രബന്ധകാരന്മാരുടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രബന്ധങ്ങൾക്ക് പ്രശസ്ത സംസ്കൃത പണ്ഡിതൻമാരുടെ പേരിൽ വിവിധ സെഷനുകളിലായി എൻഡോവ്മെന്റ് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രബന്ധത്തിന്റെ പൂർണ്ണരൂപം നവംബർ 15-നകം മേൽ പറഞ്ഞ ഇ - മെയിൽ വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് : ജനറൽ കൺവീനർ, ഡോ. കെ.കെ. അബ്ദുൽ മജീദ് - 9745300125.

***പി.ആർ. 1380/2026***

**പരീക്ഷാ തീയതിയിൽ മാറ്റം**

ഒക്ടോബർ 23-ന് തുടങ്ങാനിരുന്ന അഞ്ചാം സെമസ്റ്റർ ബി.ആർക്. (2017 സ്കീം - 2017 മുതൽ 2021 വരെ പ്രവേശനം, 2022 സ്കീം - 2022, 2023, 2024 പ്രവേശനം) നവംബർ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾ നവംബർ 16-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

***പി.ആർ. 1381/2026***

**പരീക്ഷാഫലം**

രണ്ടാം സെമസ്റ്റർ എം.എ. ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ. ഫങ്ഷണൽ ഹിന്ദി ആന്റ് ട്രാൻസിലേഷൻ ( സി.സി.എസ്.എസ്. - 2024, 2025 പ്രവേശനം ) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്, മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എസ് സി. അപ്ലൈഡ് ജിയോളജി, മൈക്രോബയോളജി ( സി.സി.എസ്.എസ്. - 2025 പ്രവേശനം ) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1382/2026***